പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3045 **29-10-2026-ൽ മറുപടിയ്ക്ക്**

പരപ്പനങ്ങാടി സ്പെഷ്യൽ സ്കൂൾ ടീച്ചർ എജ്യുക്കേഷൻ ട്രെയിനിങ് സെന്റർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി .എം. എ. സമീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിങ് സെന്ററിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: പരപ്പനങ്ങാടി ഗവ. സ്പെഷ്യൽ ടീച്ചേഴ്സ് ട്രെയിനിങ് സെന്ററും മോഡൽ ലാബ് സ്കൂളും മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി കെട്ടിടം നിർമ്മിക്കുന്നതിന് പരപ്പനങ്ങാടി നഗരസഭ സെക്രട്ടറി അനുമതി നൽകിയിട്ടുണ്ട്. പാലത്തിങ്ങൽ കൈറ്റാല ഭാഗത്ത് മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള നെടുവ വില്ലേജ് ബ്ലോക്ക് 25-ൽ [റിസർവ്വേ 527 (പഴയ റി.സ. 279)] ഉൾപ്പെട്ട മൂപ്പത് സെന്റ് പുഴപുറമ്പോക്ക് ഭൂമിയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്. ഈ ഭൂമി പ്രത്യേകമായി സബ് ഡിവിഷൻ ചെയ്യുന്നതിനുള്ള ഡിജിറ്റൽ സർവ്വെ നടപടികൾ പൂർത്തിയായിട്ടില്ല.

(ബി) പ്രസ്തുത പരിശീലന കേന്ദ്രത്തിന് കെട്ടിടം നിർമിക്കുന്നതിനാവശ്യമായ സ്ഥലം എവിടെയാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ